# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3979** **25/06/2014-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 2013-14-ലെ മരുന്ന സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | 2013-14 വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ആകെ എത്ര തുകയുടെ മരുന്നുകൾ സംഭരിക്കുകയുണ്ടായി ; | (എ) | 2,46,98,88,819 രൂപയുടെ മരുന്നുകളാണ് 2013-14 വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആകെ സംഭരിച്ചത്. |
| (ബി) | ഇതിൽ എത്ര തുകയുടെ മരുന്നുകളാണ് ടെൻഡർ നടപടികളിലൂടെ വാങ്ങിയത് ; | (ബി) | 2,32,50,80,813 രൂപയുടെ മരുന്നുകളാണ് ടെൻഡർ നടപടികളിലൂടെ വാങ്ങിയത്. |
| (സി) | ടെൻഡർ നടപടികളിലൂടെ വാങ്ങിയ മരുന്നുകളുടെ പേരു വിവരവും എത്ര അളവിൽ മരുന്നു വാങ്ങിയെന്നും ഓരോ മരുന്നും എത്ര തുകയ്ക്ക് വീതം വാങ്ങിയെന്നും വ്യക്തമാക്കുമോ ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ടെൻഡർ നടപടികളിലൂടെയല്ലാതെ ഡയറക്റ്റ് പർച്ചേസിംഗിലൂടെയോ മറ്റേതെങ്കിലും മാർഗം അവലംബിച്ചോ ഇക്കാലയളവിൽ മരുന്നു സംഭരണം നടത്തിയിട്ടുണ്ടോ ; | (ഡി) | പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യിൽ നിന്നും ടെണ്ടർ നടപടി കൂടാതെയാണ് കോർപ്പറേഷൻ മരുന്നു വാങ്ങുന്നത്. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും, മറ്റു മുൻ വിതരണക്കാരായ കമ്പനികളിൽ നിന്നും നേരിട്ട് മരുന്നു സംഭരിച്ചിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിൽ എത്ര തുകയുടെ മരുന്നുസംഭരണം നടത്തിയിട്ടുണ്ട് ; | (ഇ) | 14,48,08,006 രൂപയുടെ മരുന്നുകളാണ് ഇത്തരത്തിൽ വാങ്ങിയത്. |
| (എഫ്) | ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്ര വീതം തുകയ്ക്ക് ഏതെല്ലാം മരുന്നുകളാണ് ഇത്തരത്തിൽ സംഭരിച്ചതെന്ന് വ്യക്തമാക്കുമോ ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ